**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **19.10.2011 - ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : T.4308**

**<u>ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ട്</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീമതി ഇ. എസ്. ബിജിമോൾ :<br>ശ്രീ. ഇ. കെ. വിജയൻ :<br>ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. കെ. സി. ജോസഫ്<br>ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |
| (എ) ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ട് സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. കേന്ദ്ര സർക്കാരുമായി ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെംഗ്തനിംഗ് പ്രോജക്ടിന്റെ ധാരണാപത്രം ഒപ്പു വെയ്ക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുമോ ; എങ്കിൽ എത്ര തുക സഹായമായി ലഭിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) ധാരണാപത്രം ഒപ്പിട്ടതിന് ശേഷമേ കേന്ദ്ര സഹായം ലഭിക്കുകയുള്ളൂ. പദ്ധതിയുടെ നിർവ്വഹണ കാലാവധിയായ 5 വർഷത്തിനുള്ളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര വിഹിതമായ 4937.18 ലക്ഷം രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിപ്രകാരം സ്റ്റേറ്റ് സ്ട്രാറ്റജിക്കൽ പ്ലാൻ തയ്യാറാക്കുന്നതിന് എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെംഗ്തനിംഗ് പ്രോജക്ട് എന്ന പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ളാൻ സംസ്ഥാന സർക്കാർ തയ്യാറാക്കി നൽകുകയും, പ്രസ്തുത പ്ളാൻ കേന്ദ്രസർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ധാരണാപത്രം ഒപ്പിട്ടു കഴിഞ്ഞാലുടൻ തന്നെ പദ്ധതി തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ